കേരള സർക്കാർ

<u>സംഗ്രഹം</u>

പബ്ലിക് റിലേഷൻസ് വകുപ്പ് – വിലയ്ക്കുവാങ്ങുന്ന ഫീച്ചർ/ഡോക്യുമെന്ററി ചിത്ര ങ്ങളുടെ റോയൽറ്റി നിശ്ചയിക്കുന്നതിന് മാനദണ്ഡങ്ങൾ നിർദ്ദേശിച്ചു് ഉത്തരവാകുന്നു.

---

**പൊതുഭരണ (പബ്ലിക് റിലേഷൻസ്–ഇ) വകുപ്പ്**

**സർക്കാർ ഉത്തരവ് (സാ.)നം:165/99/പി.ആർ. തിരുവനന്തപുരം, തീ: 14.10.99.**

---

## <u>ഉത്തരവ്</u>

പബ്ലിക് റിലേഷൻസ് വകുപ്പ് സ്വകാര്യ നിർമ്മാതാക്കളുടെ പക്കൽനിന്നും വിലയ്ക്കു വാങ്ങുന്ന സോദ്ദേശ്യ ഫീച്ചർ/ഡോക്യുമെന്ററി ചിത്രങ്ങൾക്ക് എത്ര രൂപ റോയൽറ്റി നൽകണമെന്ന കാര്യത്തിൽ നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലില്ലാത്തതു് പല പ്രായോഗിക വൈഷമ്യങ്ങൾക്കും ഇടയാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചശേഷം ചിത്രങ്ങളുടെ പ്രിൻറുകൾ പബ്ലിക് റിലേഷൻസ് വകുപ്പിനു് വേണ്ടി വിലയ്ക്കു വാങ്ങുന്ന കാര്യത്തിൽ താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണെന്നു് നിർദ്ദേശിച്ചു് ഉത്തരവാകുന്നു.

റോയൽറ്റി നിശ്ചയിക്കുന്നതിലേക്കായി സെൻസർ സർട്ടിഫിക്കറ്റിന്റെയും ദൈർഘ്യത്തിന്റെയും അടിസ്ഥാനത്തിൽ ചിത്രങ്ങളെ ഡോക്യുമെന്ററി(ഏകദേശം 15–45 മിനിട്ട് ദൈർഘ്യം). ഹ്രസ്വ ചിത്രം(45–90 മിനിട്ട് ദൈർഘ്യം) ബാലചിത്രം(45–മിനിട്ടിലധികം ദൈർഘ്യം) ഫീച്ചർ ചിത്രം(90മിനിട്ടിലധികം ദൈർഘ്യം) എന്നിങ്ങനെ തരംതിരിക്കാവുന്നതാണു്.

(1) ഇതിൽ അവാർഡു് ലഭിക്കാത്ത ഡോക്യുമെന്ററി ചിത്രത്തിനു് 10,000/–രൂപയും (പതിനായിരം രൂപമാത്രം)സംസ്ഥാന അവാർഡ് ലഭിച്ചചിത്രത്തിനു് 15,000/–രൂപയും (പതിനയ്യായിരം രൂപ മാത്രം) ദേശീയ/അന്തർദേശീയ അവാർഡ്ലഭിച്ച ചിത്രത്തിനു് 20,000/–രൂപയും(ഇരുപതിനായിരം രൂപമാത്രം)പ്രിന്റൊന്നിനു് റോയൽറ്റി നൽകേണ്ടതാണ്

(2) ഹ്രസ്വ ചിത്രത്തിന്റെയും ബാലചിത്രത്തിന്റെയും കാര്യത്തിൽ അവാർഡു് ലഭിക്കാത്ത ചിത്രത്തിനു് 15,000/–രൂപയും(പതിനയ്യായിരം രൂപ മാത്രം) സംസ്ഥാന അവാർഡ് ലഭിച്ചചിത്രത്തിനു് 20,000/– രൂപയും(ഇരുപതിനായിരം രൂപ മാത്രം). ദേശീയ/അന്തർദേശീയ അവാർഡ് ലഭിച്ച ചിത്രത്തിനു് 25,000/–രൂപയും(ഇരുപത്തയ്യായിരം രൂപമാത്രം) റോയൽറ്റി നൽകേണ്ടതാണു്.

(3) ഫീച്ചർ ചിത്രങ്ങളെ സംബന്ധിച്ചു്, അവാർഡ് ലഭിക്കാത്ത ചിത്രത്തിനു് 25,000/–രൂപയും(ഇരുപത്തയ്യായിരം രൂപ മാത്രം) സംസ്ഥാന അവാർഡ് ലഭിച്ച ഫീച്ചർ ചിത്രത്തിനു് 30,000/–രൂപയും(മുപ്പതിനായിരം രൂപമാത്രം)ദേശീയ/അന്തർദേശീയ അവാർഡ് ലഭിച്ച ചിത്രത്തിനു് 35,000/–രൂപയും(മുപ്പത്തയ്യായിരംരൂപ മാത്രം) റോയൽറ്റി നൽകേണ്ടതാണു്.

ചിത്രത്തിന്റെ പ്രിൻറുവിലയ്ക്കു പുറമേ പ്രിന്റൊന്നിനാകും റോയൽറ്റി നിശ്ചയിക്കുക. ഇക്കാര്യത്തിൽ 16 എം എം/35 എം എം വ്യത്യാസങ്ങൾ കണക്കിലെടുക്കുന്നതല്ല.

ഇനിയൊരു ഉത്തരവ് പുറപ്പെടുവിക്കുന്നതു വരെ മുകളിൽ രേഖപ്പെടുത്തിയ നിരക്കിലുള്ള റോയൽറ്റി മാത്രമേ പബ്ലിക് റിലേഷൻസ് വകുപ്പ് വിലയ്ക്കുവാങ്ങുന്ന ചിത്രങ്ങൾക്ക് നൽകേണ്ടതുള്ളൂ.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പി. കെ. മഹാന്തി
ഡയറക്ടർ ആന്റ് സെക്രട്ടറി.

ഡയറക്ടർ ആന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്.
അഡീഷണൽ ഡയറക്ടറുടെ സി.എ.യ്ക്ക്.
ഡെപ്യൂട്ടി ഡയറക്ടർ.
ധനകാര്യ വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം അയയ്ക്കുന്നത്

സെക്ഷൻ ഓഫീസർ.